(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് കോഴിക്കോട് അനലിറ്റിക്കൽ ലാബിലെ ഒരു ഗവൺമെന്റ് അനലിസ്റ്റിനെയും ഒരു ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റിനെയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. കൂടാതെ തിരുവനന്തപുരം അനലിറ്റിക്കൽ ലാബിൽനിന്ന് ലഭ്യമായ റിസൾട്ടിൽ സംശയകരമായ ചില റിപ്പോർട്ടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് ലാബിൽ നടത്തിയ പരിശോധനയിൽ സംശയം ശരിയാണെന്ന് ബോധ്യപ്പെടുകയും പ്രസ്തുത സാഹചര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

പുതിയ മെഡിക്കൽ കോളേജുകൾക്കായുള്ള സമഗ്ര വികസന പദ്ധതി

77 (6782) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾക്കായി 1500 കോടി രൂപയുടെ സമഗ്രവികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ഇതിനായി ഇതുവരെ ചെയ്തകാര്യങ്ങൾ അറിയിക്കാമോ ;

(സി) ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾക്കായി 1500 കോടി രൂപയുടെ സമഗ്രവികസന പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ മഞ്ചേരി മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 2013-14 അദ്ധ്യയന വർഷത്തിലെ 100 സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിലെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ, ഹോസ്റ്റലുകൾ, ലബോറട്ടറികൾ, ക്ലാസ്മുറികൾ എന്നിവയ്ക്ക് നിലവിലുള്ള കെട്ടിടങ്ങൾ രൂപഭേദം വരുത്തി സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ പരിശോധന 2014 മെയ് 26, 27 തീയതികളിൽ നടന്നുകഴിഞ്ഞിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 875 വിഷയം രൂപ സർക്കാർ ഇതുവരെ അനുവദിച്ചു. പദ്ധതി പ്രദേശത്തെ ആഭ്യന്തര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പ്രദേശത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ചുകൊണ്ട് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് ബി.എസ്.എൻ.എൽ. ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രാഥമിക ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞിട്ടുണ്ട്. ബി.എസ്.എൻ.എൽ. സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 190 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുവാനായി ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് 50 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പരിപ്പാട് പൊതുസ്വകാര്യ പങ്കാളിത്തത്തിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജിനായി എൻ.ടി.പി.സി.-യുടെ കീഴിലുള്ള 25 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പുതിയ മെഡിക്കൽ കോളേജുകൾക്കായി താഴെപ്പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്:

1. മഞ്ചേരി മെഡിക്കൽ കോളേജ്

ക്രമനമ്പർ	വർഷം	തുക
1	2012-13	₹ 6.25 കോടി
2	2013-14	₹ 2.50 "
3	എസ്.ഡി.ജി. ജനുവരി 2014	₹ 10 "
4	2014-15	₹ 2.50 "
	ആകെ	₹ 21.25 "

LIBRARY ARCHIVES Kerala Legislative Assembly

2. ഇടുക്കി മെഡിക്കൽ കോളേജ് :

ക്രമ നമ്പർ	വർഷം	തുക
1	2012-13	₹ 6.25 കോടി
2	2013-14	₹ 2.50 "
3	എസ്.ഡി.ജി. ജനുവരി 2014	₹ 5 "
4	2014-15	₹ 2.50 "
	ആകെ	₹ 16.25 "

3. കാസർഗോഡ് മെഡിക്കൽ കോളേജ് :

1	2012-13	₹ 6.25 കോടി
2	2013-14	₹ 2.50 "
3	2014-15	₹ 2.50 "
	ആകെ	₹ 11.25 "

4. കോന്നി മെഡിക്കൽ കോളേജ് :

1	2012-13	₹ 6.25 കോടി
2	2013-14	₹ 2.50 "
3	2014-15	₹ 2.50 "
	ആകെ	₹ 11.25 "
നബാർഡ് സഹായം		₹ 14.30 "

5. തിരുവനന്തപുരം മെഡിക്കൽ കോളേജ് :

2013-14 – ₹ 3 കോടി

6. വയനാട് മെഡിക്കൽ കോളേജ് :

₹ 5 കോടി – ബഡ്ജറ്റ് പ്രസംഗം 2014-15 ഖണ്ഡിക 227

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പുതിയ മെഡിക്കൽ കോളേജുകൾക്ക് താഴെപ്പറയും പ്രകാരം എസ്.ഡി.ജി.-യിൽ തുക വകയിരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേരി	₹	25 കോടി
ഇടുക്കി	₹	20 "
തിരുവനന്തപുരം	₹	10 "
കോന്നി	₹	10 "
കാസർഗോഡ്	₹	10 "
ആകെ	₹	75 "

മഞ്ചേരി മെഡിക്കൽ കോളേജ് നിലവിൽ വന്നുകഴിഞ്ഞു. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി കിട്ടിയാൽ ഇടുക്കി മെഡിക്കൽ കോളേജിൽ 2014 അദ്ധ്യയന വർഷം 50 എം.ബി.ബി.എസ്. കുട്ടികളെ പ്രവേശിപ്പിക്കുവാൻ കഴിയും. കാസർഗോഡ്, കോന്നി മെഡിക്കൽ കോളേജുകൾ 2016-ൽ എം.ബി.ബി.എസ്. ആദ്യവർഷ ക്ലാസ്സിന് സജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു. 2015 അദ്ധ്യയന വർഷം ലക്ഷ്യമാക്കിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നടപടികൾ പുരോഗമിക്കുന്നത്. വയനാട്, ഹരിപ്പാട് മെഡിക്കൽ കോളേജുകളുടെകാര്യത്തിൽ തീരുമാനമായിട്ടില്ല.

പുതിയ മെഡിക്കൽ കോളേജുകൾ

78 (6783) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകളിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇടുക്കിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധന നടന്നുകഴിഞ്ഞിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം 2014-15 അധ്യയന വർഷത്തിൽ പ്രവേശനം നടത്താൻ സാധിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന കോന്നി മെഡിക്കൽ കോളേജിന്റെ തറക്കല്ലിടീൽ കഴിഞ്ഞിട്ടുണ്ട്. 300 കിടക്കകളുള്ള ആശുപത്രിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ്, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്ത് ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. 2015-16 അധ്യയന വർഷത്തിൽ തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly